## 15 -ാം കേരള നിയമസഭ

## 7 -ാം സമ്മേളനം

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 1327** **08-12-2022 - ൽ മറുപടിയ്ക്ക്**

## പുത്തൂർ-ചെനക്കൽ ബൈപ്പാസ് നിർമ്മാണം

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| പ്രൊഫ . ആബിദ് ഹുസൈൻ തങ്ങൾ | | ശ്രീ. പി.എ.മുഹമ്മദ് റിയാസ്<br>(പൊതുമരാമത്ത്-വിനോദസഞ്ചാര, യുവജനകാര്യ വകുപ്പ് മന്ത്രി) | |
| (എ) | കോട്ടയ്ക്കൽ മണ്ഡലത്തിലെ പുത്തൂർ-ചെനക്കൽ ബൈപ്പാസ് (മൂന്നാം ഘട്ടം) റോഡിന്റെ നിർമ്മാണ പ്രവൃത്തിയുടെ പുരോഗതി സംബന്ധിച്ച വിശദാംശം ലഭ്യമാക്കുമോ; | (എ) | കോട്ടക്കൽ ചെനക്കൽ ബൈപ്പാസ് ഒന്നും രണ്ടും ഘട്ടങ്ങൾ പൂർത്തീകരിച്ചിട്ടുണ്ട്. മൂന്നാംഘട്ടത്തിന്റെ സ്ഥലം ഏറ്റെടുക്ക ന്നതിനുള്ള നഷ്ടപരിഹാര തുക ഉൾപ്പെടെയുള്ള പുതുക്കിയ പ്രൊപ്പോസൽ തയ്യാറാക്കിയിട്ടുണ്ട്. എന്നാൽ ആയത് ഡിസൈൻ പ്രകാരമുള്ളതല്ല. കയറ്റിറക്കങ്ങളും വളവുതിരിവുകളുമുള്ള മുനിസിപ്പൽ റോഡായതിനാൽ ഇൻവെസ്റ്റി ഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവ തയ്യാറാക്കി, റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനായുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. |
| (ബി) | പ്രസ്തുത റോഡിന്റെ മൂന്നാം ഘട്ടത്തിനായുള്ള സ്ഥലം ഏറ്റെടുക്കുന്നതിന് പുറപ്പെടുവിച്ച നോട്ടിഫിക്കേഷന്റെ സമയപരിധി അവസാനിക്കാറായി എന്നുള്ള വിവരം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; എങ്കിൽ സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കൽ പൂർത്തീകരിക്കുന്നതിന് നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്, സമയപരിധിക്കുള്ളിൽ സ്ഥലം ഏറ്റെടുക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ച് വരുന്നു. |
| (സി) | നഷ്ടപരിഹാര തുക ഉൾപ്പെടെ റോഡിന്റെ നിർമ്മാണ പ്രവൃത്തിയ്ക്ക് ആവശ്യമായി വരുന്ന പുതുക്കിയ ഭരണാനുമതിയ്ക്ക് വേണ്ടിയുള്ള പ്രൊപ്പോസൽ ലഭ്യമായിട്ടുണ്ടോ; എങ്കിൽ ആയതിൻമേൽ സ്വീകരിച്ച നടപടികൾ വിശദമാക്കുമോ; | (സി) | ഇല്ല, കയറ്റിറക്കങ്ങളും വളവു തിരിവുകളുമുള്ള മുനിസിപ്പൽ റോഡായതിനാൽ ഇൻവെസ്റ്റിഗേഷൻ റിപ്പോർട്ട്, അലൈൻമെന്റ് പ്ലാൻ എന്നിവ തയ്യാറാക്കി റോഡ് ഡിസൈൻ തയ്യാറാക്കുന്നതിനായി ജോയിൻറ് ഡയറക്ടർ, റീജിയണൽ ഡിസൈൻ യൂണിറ്റ് എറണാകുളം എന്നവർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്. ആയത് ലഭ്യമായാൽ മാത്രമേ വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കുവാൻ കഴിയുകയുള്ളൂ. |
| (ഡി) | പ്രസ്തുത പ്രവൃത്തിയ്ക്ക് പുതുക്കിയ ഭരണാനുമതി ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കുമോ? | (ഡി) | നടപടികൾ സ്വീകരിച്ചു വരുന്നു. |

സെക്ഷൻ ഓഫീസർ